**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5338

01.07.2014-ലെ മറുപടിയ്ക്ക്

## ഓഡിറ്റ് ഫീസ് വർദ്ധനവ് പിൻവലിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) ക്രെഡിറ്റ് സംഘങ്ങളല്ലാത്ത, സേവനം പ്രാധാന്യമുള്ള സംഘങ്ങൾക്ക് ഇപ്പോൾ നിശ്ചയിച്ച ഓഡിറ്റ് ഫീസ് വർദ്ധനവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഫലത്തിൽ വരുമാനമില്ലാത്ത ഇത്തരം സംഘങ്ങൾക്ക് നാൽപ്പതിനായിരം മുതൽ മൂന്ന് ലക്ഷം വരെ ഓഡിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് ഫീസ് വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ? | യും (ബി) യും | കേരളത്തിലെ സഹകരണ സംഘങ്ങളുടെ പുതുക്കിയ ആഡിറ്റ് ഫീസ് നിരക്ക് 12.7.2013 ലെ ജി.ഒ. (പി) നമ്പർ 94/13/സഹ നമ്പർ ഉത്തരവ് പ്രകാരമാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത ഉത്തരവു പ്രകാരം കുറഞ്ഞത് 10000 രൂപയും പരമാവധി 100000 രൂപവരെയുമാണ് ആഡിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. പ്രത്യേക മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലധിഷ്ഠിത വ്യവസായ സഹകരണ സംഘങ്ങൾക്ക് ആഡിറ്റ് ഫീസ് ഒഴിവാക്കി നൽകുകയോ, കുറഞ്ഞ നിരക്ക് നിശ്ചയിച്ച് നൽകുകയോ ചെയ്തിട്ടുണ്ട്. ആകയാൽ ഓഡിറ്റ് ഫീസ് നിരക്കു പരിഷ്കരിച്ചത് പിൻവലിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ